**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 99** **16-09-2025 - ൽ മറുപടിയ്ക്ക്**

**വിഷാദ രോഗത്തിന് ചികിത്സയിലുള്ള യുവാവിനെ പോലീസ് റോഡിലിട്ട് തല്ലിയ സംഭവം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം. വിൻസെന്റ്** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | ബൈ പോളാർ ഡിസോർഡർ എന്ന കടുത്ത വിഷാദ രോഗത്തിന് ചികിത്സയിലുള്ള യുവാവിനെ ചിലരുടെ പ്രേരണയാൽ പോലീസ് അതിക്രൂരമായി റോഡിലിട്ട് തല്ലിച്ചതിന്റെ പേരിൽ ബഹു.മുഖ്യമന്ത്രിക്കും (ഡോക്കറ്റ് നം. ജി-2250900007), കാട്ടാക്കട ഡി.വൈ.എസ്.പി.ക്കും (നം.152920502-2025-5-00415), ജില്ലാ പോലീസ് കംപ്ലയിന്റ് അതോറിറ്റിക്കും (2/09/25), മനുഷ്യാവകാശ കമ്മീഷനും (03/09/25), ഡി.ജി.പിക്കും (ഇ-പെറ്റീഷൻ-8882/2025) യുവാവിന്റെ പിതാവും, സഹോദരനും നൽകിയ പരാതികളിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | (എ) | പ്രസ്തുത വിഷയത്തിൽ ശ്രീ.തോമസ് കെ പൂഴനാട് മുഖ്യമന്ത്രി മുൻപാകെ സമർപ്പിച്ച പരാതി (ജി 2250900007) വ്യക്തിഗത അന്വേഷണത്തിനും റിപ്പോർട്ടിനുമായി ഡി.വൈ.എസ്.പി, കാട്ടാക്കട-ക്ക് അയച്ചു നൽകിയിട്ടുണ്ട്.<br><br>ശ്രീ തോമസ് 02.09.2025ൽ ജില്ലാ പോലീസ് കംപ്ലൈന്റ്സ് അതോറിറ്റി മുമ്പാകെ സമർപ്പിച്ച പരാതി കേസ് നമ്പർ 115/2025 ആയി രജിസ്റ്റർ ചെയ്തിട്ടുള്ളതും പരാതി വിചാരണ തീയതി നിശ്ചയിക്കുന്ന മുറയ്ക്ക് ഉടൻ പരിഗണിക്കുന്നതുമാണ്.<br><br>ശ്രീ കെ.തോമസ്, മനുഷ്യാവകാശ കമ്മീഷൻ മുമ്പാകെ ഫയൽ ചെയ്ത 03/09/2025 തീയതിയിലെ പരാതി എച്ച്.ആർ.എം.പി 7088/11/12/2025 നമ്പരായി രജിസ്റ്റർ ചെയ്തിട്ടുള്ളതും പരാതിയിന്മേൽ കാട്ടാക്കട ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെട്ട് കത്ത് അയച്ചിട്ടുള്ളതുമാണ്.<br><br>ശ്രീ.അഭിലാഷ് തോമസ് തങ്കം ഡി.ജി.പി-ക്ക് സമർപ്പിച്ച ഇ-പരാതി (E.ptn 8882/2025) പോലീസ് ആസ്ഥാനത്ത് 11/09/2025 ലഭിച്ചിട്ടുള്ളതും ആയത് തുടർ നടപടികൾക്കായി തിരുവനന്തപുരം റൂറൽ ജില്ലാ പോലീസ് മേധാവിക്ക് നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ